ശ്രീ. ഇ. പി. പൗലോസ്: ഈ പ്രോഗ്രാമനുസരിച്ച് ക്രെഡിറ്റ്, ആധുനികരീതിയിലുള്ള കൃഷി സമ്പ്രദായങ്ങളും സ്വീകരിക്കുന്നതിനുള്ള സഹായങ്ങളും മുതലായവ ചെയ്തുകൊടുക്കുന്നുണ്ട്. വളത്തിനു് സബ്സിഡി കൊടുക്കുന്നതൊഴിച്ചാൽ ബാക്കിയുള്ളതെല്ലാം ലോണായിട്ടാണു് കൊടുക്കുന്നതു്. അഡീഷണലായി വിത്തു്, എക്യുപ്മെന്റ്സ് മുതലായവക്കാണു് കൂടുതലായി ചെലവു ചെയ്തുകൊണ്ടിരിക്കുന്നതു്. ഇതിനുവേണ്ടി ആറേഴു് ലക്ഷം രൂപ കൂടി ചെലവാക്കുന്നതാണു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: നെൽകൃഷിക്കു കാളകൾ ആവശ്യമുണ്ടെന്നുള്ളതിനെ പരിഗണിച്ചു ഈ ഗവണ്മെന്റു ഭരണത്തിലിരിക്കുന്ന കാലത്തുതന്നെ കൃഷിക്കാർക്കു ഈരണ്ടു കാളകൾ വീതം കൊടുക്കുമോ; അല്ലെങ്കിൽ കാളകളെ വാങ്ങുന്നതിനുള്ള തുക വായ്പയായി കൊടുക്കുകയെങ്കിലും ചെയ്യുമോ?

ശ്രീ. ഇ. പി. പൗലോസ്: ഈരണ്ടു കാളകൾ വീതം ഈ ഗവണ്മെന്റിന്റെ കാലത്തു കൊടുക്കണമെന്നുള്ളതാണു് ഉദ്ദേശം. ബഹുമാനപ്പെട്ട മെമ്പർ കലപ്പയുംകൂടി ഉപയോഗിക്കുമെങ്കിൽ അതു ചെയ്യാം.

ഫെറി സർവ്വീസ്

* 845. [10] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ അഴിമുഖങ്ങളിൽ ഫെറി സർവ്വീസ് എവിടെയെല്ലാം നടത്തുന്നുണ്ടു്;

(ബി) കൊടുങ്ങല്ലൂർ അഴിക്കോടു് അഴിമുഖത്തു് ഇപ്പോഴും മോട്ടോർ ബോട്ടല്ലേ ഫെറിക്കായി ഉപയോഗിക്കുന്നതു് ;

(സി) വർഷകാലത്തു് ശക്തിയായി ഒഴുക്കു ഉണ്ടാകുന്ന ഘട്ടങ്ങളിലും മറ്റും പ്രസ്തുത ബോട്ടു് ഓടാറില്ലെന്ന വസ്തുത ഗവണ്മെന്റു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) യാത്രക്കാരുടെ സൗകര്യാർത്ഥവും അപായം ഉണ്ടാകാതിരിക്കുവാനുമായി അഴീക്കോടു് മുനമ്പം ഫെറിയിൽ എൽ. സി. എം.-ഓ. ജംങ്കാർ സർവ്വീസോ നടത്തുന്നതിനു് ഉടനടി നടപടികൾ സ്വീകരിക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) താഴെപ്പറയുന്ന മൂന്നു അഴിമുഖങ്ങളിൽ ഫെറിസർവ്വീസ് നടത്തുന്നുണ്ടു്. (1) ഫോർട്ടുകൊച്ചി—വൈപ്പിൻകര (2) അഴിക്കോടു്—മുനമ്പം (കൊടുങ്ങല്ലൂർ—അഴീക്കോടു്) (3) ചാലിയംകടവു് (കോഴിക്കോടു്)

(ബി) അതേ.

(സി) വർഷകാലത്തു വളരെയധികം ബുദ്ധിമുട്ടുകളോടെയാണെങ്കിലും ഈ ബോട്ടു് സർവ്വീസു നടത്തുന്നുണ്ടു്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഇവിടെ ചാലിയം കടവിന്റെ കാര്യം പറഞ്ഞു. അവിടെ വർഷകാലത്തു് ആളുകൾക്കു് തീരെ യാത്ര ചെയ്യാൻ സാധിക്കുന്നില്ല എന്നുള്ളതിനെമുൻനിറുത്തി മോട്ടോർബോട്ടു് സർവ്വീസ് നടത്താൻ വേണ്ട എർപ്പാടു ചെയ്യുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: ചാലിയം കടവിൽ ഒരു വള്ളം മാത്രമാണു് കടത്തിനു ഉപയോഗിക്കുന്നതു്. അവിടെ മോട്ടോർബോട്ടു് ഏർപ്പെടുത്തുന്ന കാര്യം ഗവണ്മെന്റു് പരിഗണിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. വിശ്വനാഥൻ : കൊച്ചി തുറമുഖത്തു ഫോർട്ടുകൊച്ചി—വൈപ്പിൻകരയിലേക്കു് എൽ. സി. എം. സ്വീസു നടത്തുന്നതിനു എന്തെങ്കിലും തക്കം നിലവിലുണ്ടോ ; അവിടത്തെ മുൻസിപ്പാലിറ്റിക്കു വേണ്ട സഹായധനം ചെയ്യുകയാണെങ്കിൽ മുൻസിപ്പാലിറ്റി സ്വീസു നടത്താൻ തയ്യാറാണു്. അതിനുവേണ്ടി ഗവണ്മെൻറു് പരിശ്രമിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: അവിടെ സ്വീസു ഇപ്പോഴും മുൻസിപ്പാലിറ്റിയാണു് നടത്തിക്കൊണ്ടിരിക്കുന്നതു്. അവിടെ എൽ. സി. എം. ഏർപ്പെടുത്തുന്നതിനു് ഉദ്ദേശിക്കുകയാണെങ്കിൽ വല്ല ധനസഹായവും ചെയ്യാൻ സാധിക്കുമോ എന്നുള്ള കാര്യം മുൻസിപ്പൽകൗൺസിൽ ആവശ്യപ്പെടുമ്പോഴും ഗവണ്മെൻറു ആലോചിക്കുന്നതാണു്.

റവന്യൂബോർഡു്

* 846. [11] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂബോർഡിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനു് ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയായിട്ടാണു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ഈ. ബലറാം : ഇന്നുള്ള റവന്യൂബോർഡിൽ റവന്യൂബോർഡു് മെമ്പറന്മാരല്ലാതായിട്ടുള്ള സ്ഥിരമായ ജോലി വല്ലതും ചെയ്യുന്ന മറു വല്ല മെമ്പറന്മാരുമുണ്ടോ ?

ശ്രീ. ആർ. ശങ്കർ : സ്ഥിരമായി എന്നു പറഞ്ഞുകൂടാ. അല്ലാതെ രണ്ടു മെമ്പറന്മാരുണ്ടു്. ഒന്നു് മി. സി. തോമസു്, സ്പെഷ്യൽ സെക്രട്ടറി, ഫിനാൻസു് ഡിപ്പാർട്ടുമെൻറു്. മറെറാന്നു് ശ്രീ. അബു്ദുൽസലാം. അദ്ദേഹം കേരള സ്റ്റേറു് ഇൻഡസ്ട്രിയൽ ഡെവലപ്പു്മെൻറു് കോർപ്പറേഷൻറെ മാനേജിംഗു് ഡയറക്ടറാണു്.

ശ്രീ. ഈ. പി. ഗോപാലൻ : ഇപ്പോഴും റവന്യൂബോർഡിൽ എത്ര മെമ്പറന്മാരുണ്ടു് ; അവരുടെ ജോലി എന്തൊക്കെയാണു് ?

ശ്രീ. ആർ. ശങ്കർ : റവന്യൂ ബോർഡിൽ മുമ്പുള്ളവരെപ്പോലെതന്നെ മൂന്നു മെമ്പറന്മാർ പ്രവൃത്തി എടുക്കുന്നുണ്ടു്. ഫസ്റ്റു് മെമ്പർ റവന്യൂ റെക്കാഡുകളും അതുപോലുള്ള വിഷയങ്ങളും, സെക്കൻറു് മെമ്പർ മറു ചില ടാക്സുകളുടെ ചുമതല, തേഡു് മെമ്പർ ഒസ്സിയിൽ ടാക്സു് മുതലായവ ഇങ്ങനെ മുമ്പു ചെയ്തിരുന്നതുപോലെയുള്ളവ തന്നെയാണു് ഇപ്പോഴും ചെയ്യുവരുന്നതു്. സീനിയാറിട്ടിക്രമം അനുസരിച്ചാണെങ്കിൽ ശ്രീ. സി. തോമസ്സിനാണു് കൊടുക്കേണ്ടതു്. അദ്ദേഹം ഇപ്പോഴും ഫൈനാൻസു് സെക്രട്ടറിയായി ഇരിക്കുകയാണു്. പ്ലാൻ സംബന്ധിച്ച ധാരാളജോലികളും ഇപ്പോഴുള്ളതുകൊണ്ടു് അദ്ദേഹത്തെ മാറുന്നതു ബുദ്ധിപൂർവ്വമായിരിക്കുകയില്ല എന്നു തോന്നി. അടുത്ത സീനിയാറിട്ടി അനുസരിച്ചു് അബു്ദുൽ സലാമിനെയാണു് വയ്ക്കേണ്ടതു്. അദ്ദേഹം ഇപ്പോഴും ഇതുപോലെതന്നെ പ്രധാനപ്പെട്ട മറെറാരു പ്രവർത്തനം, ഇൻഡസ്ട്രീസു് ഡെവലപ്പുമെൻറു് കാർപ്പറേഷൻറെ പ്രവർത്തനം, നടത്തിവരുന്നതുകൊണ്ടു് അദ്ദേഹത്തെയും അതിൽനിന്നു മാറുന്നതു ശരിയല്ലെന്നു തോന്നിയതുകൊണ്ടു് അതിനടുത്ത ആളായ ശ്രീ. രാമൻകുട്ടിയെ വച്ചിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly